(12) വാട്ടർ അതോറിറ്റിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ് : സർ, ഏഴു വർഷമായി സർവ്വീസിൽ തുടരുന്ന കേരള വാട്ടർ അതോറിറ്റിയിലെ താൽക്കാലിക ജീവനക്കാരെ റഗുലറൈസ് ചെയ്യണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കുവാനുള്ളത്. 19-9-1990-ലെ 112/90 നമ്പർ സുപ്രീംകോടതി വിധിപ്രകാരം വാട്ടർ അതോറിറ്റിയിലെ 180 താൽക്കാലിക ജീവനക്കാർ സർവീസിൽ റഗുലറൈസ് ചെയ്യണമെന്ന് വാട്ടർ അതോറിറ്റി മാനേജ്മെന്റിനോട് കെ. ഡബ്ല്യു. എ./എച്ച്. ഒ. ഇ1/15106 വാല്യം 3/91 കത്ത്മുഖേന അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവരെ റഗുലറൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. 1990-ൽ സർവ്വീസിൽ ഒരു വർഷം തികഞ്ഞ ആയിരത്തിലധികം വരുന്ന താൽക്കാലിക ജീവനക്കാരെ സുപ്രീംകോടതി വിധിപ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നും കുറേക്കൂടി ഊർജ്ജസ്വലമായ പ്രവർത്തനം ഉണ്ടായാൽ ഈ 180-ൽപ്പരം ആളുകളെ സ്ഥിരപ്പെടുത്താൻ കഴിയുമെന്നാണ് തോന്നുന്നത്. അവരെ എത്രയുംവേഗം സർവ്വീസിൽ റഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച് വർഷങ്ങളായി പെൻറിംഗിൽ കിടക്കുന്ന 68968/എഫ്3/എൽ എ ഡി/93 എന്ന ഫയലിൽ എത്രയുംവേഗം തീർപ്പ് കൽപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, താൽക്കാലിക ജീവനക്കാരുടെ പ്രശ്നം സംബന്ധിച്ച് പല വിഷയങ്ങളും വന്നു. അവർ സുപ്രീം കോടതിയിൽ പോയി. സുപ്രീംകോടതി ജഡ്ജ്മെന്റ് പ്രകാരം വാട്ടർ അതോറിറ്റിയിലെ പ്രൊവിഷണൽ ജീവനക്കാരെ നാലു വിഭാഗമായി തിരിച്ചിട്ടുണ്ട്. (1) പി. എച്ച്. ഇ. ഡി. യിൽ നിയമനം ലഭിച്ചവരും വാട്ടർ അതോറിറ്റിയായി മാറിയപ്പോൾ അതിലെ ജീവനക്കാരായി മാറിയവരും. (2) 1-4-1984-ലും 4-8-1986-ലും വാട്ടർ അതോറിറ്റി നിയമനം നടത്തിയ നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയുള്ളവർ. (3) 4-8-1986-നു ശേഷം വാട്ടർ അതോറിറ്റി നിയമനം നടത്തിയ നിർദ്ദിഷ്ട യോഗ്യതയുള്ളവരും 14-9-1990-ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയവരും. (4) 4-8-1996-നുശേഷം വാട്ടർ അതോറിറ്റി നിയമിച്ചവരും നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയുള്ളവരും എന്നാൽ 19-9-1990-ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാകാത്തവരും. ഇവരിൽ ഒന്നു മുതൽ മൂന്നുവരെ വിഭാഗക്കാരിൽ നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ളവരെ പി. എസ്. സി. യുടെ അനുമതിയോടുകൂടി റഗുലറൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. നാലാമത്തെ വിഭാഗക്കാരെ റഗുലറൈസ് ചെയ്യുന്നതിന് പി.എസ്.സി. യിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. അതിന് നടപടി സ്വീകരിച്ചുവരികയാണ്.

(13) കുണ്ടറ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

ശ്രീമതി അൽഫോൺസാ ജോൺ : സർ, കുണ്ടറ നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളപ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കുണ്ടറയിലെ കിഴക്കേ കല്ലട, പേരയം, കുണ്ടറ എന്നീ പഞ്ചായത്തുകളിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം നൽകാനുള്ള കുണ്ടറ വാട്ടർ സപ്ലൈ സ്കീം

LIBRARY ARCHIVES Kerala Legislative Assembly

ഉടനടി കമ്മീഷൻ ചെയ്യുന്നുണ്ട് എന്നുള്ള ഉദ്യോഗസ്ഥൻമാരുടെ ആവർത്തിച്ചാവർത്തിച്ചുള്ള മറുപടിയിൽ കുടുങ്ങിക്കിടക്കുകയാണ്. മൺട്രോതുരുത്ത് പഞ്ചായത്തിലെ ജനങ്ങൾക്ക് വെള്ളം കൊടുക്കുവാനുള്ള എ.ആർ.ഡബ്ല്യു.എസ്. സ്കീം ഭാഗികമായി മാത്രമേ കമ്മീഷൻ ചെയ്തിട്ടുള്ളു. അതുപോലെ പെരിനാട് പഞ്ചായത്തിലെ ആളുകൾക്ക് ആവശ്യമായ കുടിവെള്ളം കൊടുക്കുവാനുള്ള എ.ആർ.ഡബ്ല്യു.എസ്. സ്കീം, പെരിനാട് എന്ന പദ്ധതി ഇതുവരെ ഒന്നുമായിട്ടില്ല. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മന്ത്രി കമ്മീഷൻ ചെയ്ത വേൾഡ് ബാങ്ക് സ്കീം മുഖേന മുക്കടവൂർ പഞ്ചായത്തിലെ മൂന്നു വാർഡുകളിൽ കുടിവെള്ളം കൊടുക്കുവാനുള്ള പദ്ധതി ഉൽഘാടനം ചെയ്തെങ്കിലും അവിടെ ഇതേവരെ ഒരു തുള്ളി വെള്ളംപോലും വന്നിട്ടില്ല. ഈ നാലു സ്കീമുകളിൽക്കൂടി ജനങ്ങൾക്ക് എന്നും വെള്ളം കൊടുക്കുവാൻ സാധിക്കുമെന്ന് കൃത്യമായി മറുപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പ്രധാനമായും പറഞ്ഞ ഒരു സംഗതി കുണ്ടറ ശുദ്ധജല വിതരണ പദ്ധതി സംബന്ധിച്ചാണ്. നെതർലാൻറ് ഗവൺമെൻറിൻെറ ധനസഹായത്തോടുകൂടി കുണ്ടറയ്ക്കും സമീപ പഞ്ചായത്തുകളായ നെടുവത്തൂർ, കുളക്കട, പവിത്രേശ്വരം, എഴുകോൺ, കിഴക്കേ കല്ലട, പേരയം എന്നീ പഞ്ചായത്തുകൾക്കും ശുദ്ധജലം നൽകുന്നതിനുള്ള ഒരു വലിയ പദ്ധതിയാണ്. ഇത് 1986 ജൂൺ മാസത്തിൽ പണി ആരംഭിച്ചതാണ്. ഇപ്പോൾ അതിൻെറ ഏകദേശം 98 ശതമാനത്തോളം പണി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഒരു പ്രധാന തടസ്സമായി നിൽക്കുന്നത് ഇതിൻെറ ഇലക്ട്രിക്കൽ വർക്ക് എടുത്തിരിക്കുന്ന കരാറുകാരൻ ഉണ്ടാക്കുന്ന പ്രശ്നമാണ്. അത് ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടു. ഈ കരാറുകാരൻതന്നെ കേരളത്തിലെ പതിനെട്ടു വലിയ ജലവിതരണ പദ്ധതികളുടെ കരാർ എടുത്തിരിക്കുകയാണ്. അങ്ങനെ പല സ്ഥലങ്ങളിലായി കുശേ്ശ കുശേ്ശ പണികൾ ചെയ്തു മുടക്കിയിട്ടിരിക്കുന്നു. അത് വടക്ക് മുതൽ തെക്കുവരെ എല്ലാ ഭാഗത്തുമുണ്ട്. ഞാൻതന്നെ ഉദ്യോഗസ്ഥൻമാരെ വിളിച്ച് ഇക്കാര്യം ചർച്ച നടത്തി. ഈ കരാറുകാരനെയും വിളിച്ചു. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി തീർത്ത് മാർച്ച് മാസം 31-ാം തീയതിക്കു മുമ്പായി വെള്ളം കൊടുക്കുന്നതിനുള്ള പണി പൂർത്തിയായില്ലെങ്കിൽ ഈ കരാറുകാരനെ ബ്ലാക്ക്ലിസ്റ്റ് ചെയ്യും എന്ന് അദ്ദേഹത്തോട് പറഞ്ഞിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ അദ്ദേഹം കുറെക്കൂടി ഊർജ്ജിതമായി പണി ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തീകരിക്കുന്നതിനുള്ള ശ്രമം ഡിപ്പാർട്ടുമെൻറ് നടത്തുകയാണ്. ഉദ്യോഗസ്ഥൻമാർ പ്രത്യേകമായി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകി ഇതിനെ ഫോളോ അപ്പ് ചെയ്യുന്നുണ്ട്. എത്രയും പെട്ടെന്ന് ഇത് പൂർത്തിയാക്കണമെന്നാണ് ഡിപ്പാർട്ടുമെൻറിൻെറ ആഗ്രഹം. മാർച്ച് 31 ആണ് ലാസ്റ്റ് ഡേറ്റ് പറഞ്ഞിരിക്കുന്നത്. ആ ഡേറ്റിൽത്തന്നെ എങ്ങനെയെങ്കിലും പൂർത്തിയാക്കുന്നതിനുള്ള ശ്രമം ആത്മാർത്ഥമായി നടത്തുന്നുണ്ട്. ഈ കരാറുകാരൻ ഏടുത്തിരിക്കുന്ന 18 ശുദ്ധജല വിതരണ പദ്ധതികളും കേരളത്തിലെ വലിയ ശുദ്ധജല വിതരണ പദ്ധതികളാണ്. അതിനകത്ത് നെതർലാൻറ് ഗവൺമെൻറിൻെറ ധനസഹായത്തോടുകൂടിയുള്ളവയുണ്ട്, എ.ആർ.ഡബ്ല്യു.എസ്. സ്കീമുണ്ട്. അനേക ലക്ഷം ആളുകൾക്ക് വെള്ളം കൊടുക്കാൻ കഴിയുന്ന സ്കീമുകൾ ചെറിയ തകരാറുമൂലം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഇതിൽ എന്തെല്ലാ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും ചെയ്യാൻ കഴിയുമോ അത് ഡിപ്പാർട്ടുമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. പിന്നെ ഇവിടെ സൂചിപ്പിച്ചത് പെരിനാട് സ്കീമിനെ സംബന്ധിച്ചൊക്കെയാണ്. ഒരു സ്കീമിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. മൺട്രോതുരുത്ത് ഐലന്റിലേക്കുള്ള സ്കീം നേരത്തെ ആരംഭിച്ചതാണ്. ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പെരിനാട് പഞ്ചായത്തിനുവേണ്ടി ഇപ്പോഴും നിലവിൽ അഞ്ചു ചെറിയ സ്കീമുകളാണ് ഉള്ളത്. അതിനകത്തൊക്കെയുള്ള പ്രാദേശികമായ പ്രശ്നങ്ങളാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അതുപോലെ പെരിനാട് ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ചും പറയുകയുണ്ടായി. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ മുടക്കം കൂടാതെ നടത്തിക്കൊണ്ടുപോകണം എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കുകയും ചെയ്യാം. പിന്നെ വേംഡ് ബാങ്ക് സ്കീം, കൊല്ലം മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ളതാണ്. ആ സ്കീം കമ്മീഷൻ ചെയ്ത് വർഷങ്ങളായി കിടന്നതാണ്. ഈ പ്രദേശങ്ങളിലേക്ക് അത് കിട്ടുന്നതിനുവേണ്ടി പ്രത്യേകമായിട്ട് അന്വേഷിക്കാം.

(14) മലപ്പുറം നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. എ. യൂനസ് കുഞ്ഞ്: മലപ്പുറം നിയോജകമണ്ഡലത്തിലെ പൂരകം, വേങ്ങര, കണ്ണമംഗലം റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ ശേഷിക്കുന്ന പണികൂടി എത്രയുംവേഗം പൂർത്തിയാക്കി ജലവിതരണം ആരംഭിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന ആവശ്യം ഈ സഭയിൽ ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 5 കോടിയോളം രൂപ മുതൽമുടക്കുള്ള പദ്ധതിയാണിത്. ജലം സംഭരിക്കാനുള്ള സ്റ്റോറേജ് ടാങ്കുകളുടെ പണി പൂർത്തിയായി. ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. വെള്ളം ശുദ്ധീകരിക്കാനുള്ള ഫിൽട്ടർ സിസ്റ്റം ഇനിയും പൂർത്തീകരിച്ചിട്ടില്ല. യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ ഫിൽട്ടർ ടാങ്കിന്റെ പണി പൂർത്തിയാക്കി ജലവിതരണം ആരംഭിച്ചാൽ പൂരകം, വേങ്ങര, കണ്ണമംഗലം എന്നീ വില്ലേജുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും. ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നതോടൊപ്പം ഒരപേക്ഷകൂടിയുണ്ട്. ഒരു ജനറേറ്റർകൂടി സ്ഥാപിക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചാൽ വൈദ്യുതിക്ഷാമം ഒഴിവാക്കി സ്ഥിരമായി ജലവിതരണം ഉറപ്പാക്കാൻ കഴിയും. ആയതിന്റെ അനുമതികൂടി ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി നൽകണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ച ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൽപ്പെടുന്ന ഒരു സ്കീമാണിത്. ഇത് 1994-95 വർഷത്തിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. അതിന്റെ പണി സാമ്പത്തികഞെരുക്കംമൂലം മുടങ്ങിക്കിടക്കുകയാണ്. മുഖ്യമന്ത്രിയുടെ 15 ഇന പരിപാടിയിൽപ്പെടുത്തി എടുത്തിരിക്കുന്ന 85 സ്കീമുകളിൽ ഒരെണ്ണമാണിത്. ഇതിന്റെ പണികൾ വളരെ വേഗതയിൽ മുന്നോട്ട് നീങ്ങുന്നുണ്ട്. 105 പൊതു ടാപ്പുകളിൽ ഇപ്പോഴത്തന്നെ പരീക്ഷണാർത്ഥം

LIBRARY ARCHIVES Kerala Legislative Assembly